**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

| | | | |
|---|---|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1672** | | **01.11.2019-ൽ മറുപടിയ്ക്ക്** | |
| **തിരുവനന്തപുരം നഗരത്തിൽ മാലിന്യങ്ങൾ തള്ളുന്ന വെളിയിടം** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | തിരുവനന്തപുരം നഗരത്തിൽ പനി പടരുന്ന സാഹചര്യത്തിൽ ആൾത്താമസമില്ലാത്ത, മാലിന്യങ്ങൾ തള്ളുന്ന വെളിയിടങ്ങളുടെ കണക്കെടുക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്താമോ; | (എ) | നിർദ്ദേശം നൽകിയിട്ടുണ്ട്. ആൾതാമസമില്ലാത്ത - മാലിന്യങ്ങൾ കെട്ടികിടക്കുന്ന സ്ഥലങ്ങളിൽ ഉൾപ്പടെ മഴക്കാലത്ത് കൊതുക് മുട്ടയിട്ട് ചിക്കൻഗുനിയ, ഡെങ്കിപ്പനി, എലിപ്പനി മുതലായവ പടർന്നു പിടിക്കുന്ന സാഹചര്യം ഉള്ളതിനാൽ ഇത്തരം പ്രദേശങ്ങൾ കണ്ടെത്തി കൊതുക് നിർമ്മാർജ്ജന പ്രവർത്തങ്ങൾ ഉറപ്പാക്കുന്നതിനാണ് ആൾതാമസമില്ലാത്ത - മാലിന്യങ്ങൾ കെട്ടികിടക്കുന്ന വെളിയിട പ്രദേശങ്ങളുടെ കണക്കെടുക്കുവാൻ നിർദേശം നൽകിയിട്ടുള്ളത്. |
| (ബി) | ഇത്തരം സ്ഥലങ്ങളിലെ മാലിന്യ സംസ്കരണത്തിന്റെ ഉത്തരവാദിത്തം ഉടമസ്ഥർക്കായതിനാൽ ഇത്തരം പ്രദേശങ്ങൾ വൃത്തിയായി സൂക്ഷിക്കുവാൻ ഉടമസ്ഥർക്ക് നിർദ്ദേശം നൽകുമോ; എങ്കിൽ വ്യക്തമാക്കാമോ? | (ബി) | ഇത്തരം സ്ഥലങ്ങളിൽ മാലിന്യം കണ്ടെത്തിയാൽ സ്ഥലം വൃത്തിയാക്കി സൂക്ഷിക്കുന്നതിന് ഉടമസ്ഥർക്ക് ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർമാർ രേഖാമൂലം നിർദ്ദേശം നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ